ഉത്തരം

കേന്ദ്ര സർക്കാർ ഒന്നാം ഘട്ടത്തിൽ അംഗീകാരം നൽകിയ 8 തീരദേശ പോലീസ് സ്റ്റേഷനുകളിൽ തൃക്കരിപ്പൂർ ഉൾപ്പെടുന്നില്ല. രണ്ടാം ഘട്ടത്തിലേക്ക് 10 പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി തേടിയിട്ടുണ്ട്. ഇതിൽ തൃക്കരിപ്പൂരും ഉൾപ്പെടുന്നു. കേന്ദ്ര സർക്കാരിൽ നിന്നും ഇക്കാര്യത്തിൽ അനുമതി ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

തളങ്കര തീരദേശ പോലീസ് സ്റ്റേഷന്റെ നിർമ്മാണം

31 (5940) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തളങ്കര തീരദേശ പോലീസ് സ്റ്റേഷന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തളങ്കര തീരദേശ പോലീസ് സ്റ്റേഷനുവേണ്ടിയുള്ള കെട്ടിടത്തിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്.

(ബി) കെട്ടിടം പണി പൂർത്തിയാകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്.

ചാലക്കുടി പോലീസ് സ്റ്റേഷനിൽ കമ്മ്യൂണിറ്റി പോലീസിങ്ങ്

32 (5941) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി പോലീസ് സ്റ്റേഷനിൽ കമ്മ്യൂണിറ്റി പോലീസിങ്ങ് പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ഈ പദ്ധതി എന്നുമുതൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

വടകര പോലീസ് സ്റ്റേഷന് സ്ഥലം അനുവദിക്കാൻ നടപടി

33 (5942) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര പോലീസ് സ്റ്റേഷൻ സ്ഥല പരിമിതിയിൽപ്പെട്ട് പ്രയാസപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പോലീസ് കസ്റ്റഡിയിൽ എടുക്കുന്നതും അപകടത്തിൽപ്പെട്ട കസ്റ്റഡിയിൽ എടുക്കുന്നതുമായ വാഹനങ്ങൾ വടകര റെയിൽവേ സ്റ്റേഷനിലേക്കുള്ള റോഡിലും മറ്റും നിർത്തിയിട്ടിരിക്കുന്നതുമൂലം ഉണ്ടാകുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പിടിച്ചെടുത്ത വാഹനങ്ങൾ റെയിൽവെ സ്റ്റേഷൻ റോഡിൽ നിർത്തി ഇട്ടിരിക്കുന്നതുമൂലം ഗതാഗത തടസ്സം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വാഹനങ്ങൾ റോഡിൽ നിന്നും മാറ്റുവാൻ നടപടി സ്വീകരിക്കുന്നതാണ്.

തൈക്കാട് പഞ്ചായത്തിലെ പ്രദേശങ്ങൾ ഒരു പോലീസ് സ്റ്റേഷന്റെ പരിധിയിലാക്കുന്നതിന് നടപടി

34 (5943) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന തൈക്കാട് പഞ്ചായത്തിലെ പ്രദേശങ്ങൾ ഗുരുവായൂർ, ചാവക്കാട് എന്നീ രണ്ടു പോലീസ് സ്റ്റേഷനുകളുടെ പരിധിയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പഞ്ചായത്ത് ഗുരുവായൂർ മുനിസിപ്പാലിറ്റിയോട് ചേർത്തതിനാൽ പ്രദേശം പൂർണ്ണമായും ഒരു പോലീസ് സ്റ്റേഷന്റെ പരിധിയിലാക്കുന്നത് അഭികാമ്യമാകുമെന്ന കാര്യം പരിശോധിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൽക്കാലം പരിഗണനയിലില്ല.

കാസർഗോഡ് ട്രാഫിക് പോലീസ് സ്റ്റേഷനെ പൂർണ്ണാധികാരമുള്ള പോലീസ് സ്റ്റേഷനാക്കാൻ നടപടി

35 (5944) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ട്രാഫിക് പോലീസ് സ്റ്റേഷൻ എന്നാണ് നിലവിൽ വന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷനിൽ എസ്.ഐ ഉൾപ്പെടെ എത്ര ജീവനക്കാർ ഉണ്ടെന്നും എത്ര വാഹനങ്ങൾ ഉണ്ടെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly